പി.എസ്.സി. മുഖാന്തിരം തൊഴിൽ ലഭിച്ചവർ

16 (949) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-96-ലെ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖാന്തിരം എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് ; വിശദവിവരം ജില്ല തിരിച്ചു നൽകുമോ ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) 76,596 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. (ജില്ല തിരിച്ചുള്ള കണക്ക് പിന്നീട് ശേഖരിച്ചു നൽകുന്നതാണ്.)

(ബി) 20-5-1996 മുതൽ 31-1-2001 വരെ 100912 പേർക്ക് നിയമനശുപാർശ നൽകിയിട്ടുണ്ട്. (ജില്ല തരിച്ചുള്ള കണക്ക് പിന്നീട് ശേഖരിച്ചു നൽകുന്നതാണ്.)

പുതിയ നിയമനം

17 (950) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ നിയമനം നടന്നിട്ടുണ്ട് ;

(ബി) ഇതിൽ പി. എസ്. സി. വഴി നടന്ന നിയമനം എത്രയാണ് ;

(സി) എപ്ലോയ്മെന്റ് വഴി നടന്ന നിയമനം എത്രയാണ് ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളും നേരിട്ട് നടത്തിയ നിയമനം എത്രയാണ് ?

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി വഴി 100912 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. 30-11-2000 വരെ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 89770 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും നൽകിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly